സൂറഃ-9

# അത്തൗബ

34. അല്ലയോ സത്യവിശ്വാസികളായവരേ, അധികം മതപണ്ഡിതന്മാരും പുരോഹിതന്മാരും ജനത്തിന്റെ മുതലുകൾ നിഷിദ്ധമാർഗേണ തിന്നുകതന്നെയാകുന്നു. ദൈവിക മാർഗത്തിൽനിന്ന് ജനത്തെ തടയുകയും ചെയ്യുന്നു. സ്വർണവും വെള്ളിയും ദൈവിക മാർഗത്തിൽ ചെലവഴിക്കാതെ ശേഖരിച്ചു സൂക്ഷിച്ചു വെക്കുന്നവരുണ്ടല്ലോ, അവരെ നോവേറിയ ശിക്ഷയുടെ സുവിശേഷമറിയിച്ചുകൊള്ളുക.

35. ആ സ്വർണവും വെള്ളിയും നരകാഗ്നിയിൽ പഴുപ്പിക്കുകയും എന്നിട്ടതുകൊണ്ട് അവരുടെ ഫാലസ്ഥലങ്ങളും പാർശ്വങ്ങളും പുറങ്ങളും ചൂടുവെക്കപ്പെടുകയും ചെയ്യുന്ന ഒരുനാൾ വരുന്നുണ്ട്. ഇതാണ് നിങ്ങൾക്കുവേണ്ടി നിങ്ങൾ ശേഖരിച്ചു സൂക്ഷിച്ച നിധി. ഇനി സ്വയം ശേഖരിച്ചു വെച്ച നിധിയുടെ രുചി ആസ്വദിച്ചു കൊള്ളുവിൻ.

۞ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِنَّ كَثِيرًا مِّنَ ٱلْأَحْبَارِ وَٱلرُّهْبَانِ لَيَأْكُلُونَ أَمْوَٰلَ
ٱلنَّاسِ بِٱلْبَـٰطِلِ وَيَصُدُّونَ عَن سَبِيلِ ٱللَّهِ ۗ وَٱلَّذِينَ يَكْنِزُونَ ٱلذَّهَبَ
وَٱلْفِضَّةَ وَلَا يُنفِقُونَهَا فِى سَبِيلِ ٱللَّهِ فَبَشِّرْهُم بِعَذَابٍ أَلِيمٍ ﴿٣٤﴾
يَوْمَ يُحْمَىٰ عَلَيْهَا فِى نَارِ جَهَنَّمَ فَتُكْوَىٰ بِهَا جِبَاهُهُمْ وَجُنُوبُهُمْ
وَظُهُورُهُمْ ۖ هَـٰذَا مَا كَنَزْتُمْ لِأَنفُسِكُمْ فَذُوقُوا۟ مَا كُنتُمْ تَكْنِزُونَ ﴿٣٥﴾

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟= സത്യവിശ്വാസികളായവരേ إِنَّ كَثِيرًا= അധികം (പേരും) مِّنَ ٱلْأَحْبَارِ= മതപണ്ഡിതന്മാരിൽ
وَٱلرُّهْبَانِ= പുരോഹിതന്മാരിലും لَيَأْكُلُونَ= തിന്നുകതന്നെയാകുന്നു أَمْوَٰلَ ٱلنَّاسِ= ജനത്തിന്റെ മുതലുകൾ
بِٱلْبَـٰطِلِ= നിഷിദ്ധംകൊണ്ട് (നിഷിദ്ധമാർഗേണ) وَيَصُدُّونَ= (ജനത്തെ) അവർ തടയുകയും ചെയ്യുന്നു
عَن سَبِيلِ ٱللَّهِ= ദൈവിക മാർഗത്തിൽനിന്ന് وَٱلَّذِينَ يَكْنِزُونَ= ശേഖരിച്ചു സൂക്ഷിക്കുന്നവർ (ഉണ്ടല്ലോ) ٱلذَّهَبَ= സ്വർണം
وَٱلْفِضَّةَ= വെള്ളിയും وَلَا يُنفِقُونَهَا= അവർ അത് ചെലവഴി(ക്കാതെ)ക്കുന്നില്ല فِى سَبِيلِ ٱللَّهِ= അല്ലാഹുവിന്റെ മാർഗത്തിൽ
فَبَشِّرْهُم= അവരെ സുവിശേഷമറിയിക്കുക بِعَذَابٍ= ശിക്ഷ(യുടെ)കൊണ്ട് أَلِيمٍ= നോവേറിയ يَوْمَ= (ഒരു)നാൾ (വരുന്നുണ്ട്)
يُحْمَىٰ عَلَيْهَا= (ആ സ്വർണവും വെള്ളിയും പഴുപ്പിക്കുകയും) അതിന്മേൽ ചൂടാക്കപ്പെടും فِى نَارِ جَهَنَّمَ= നരകാഗ്നിയിൽ
فَتُكْوَىٰ بِهَا= എന്നിട്ട് അതുകൊണ്ട് ചൂടുവെക്കപ്പെടുകയും (ചെയ്യുന്ന) جِبَاهُهُمْ= അവരുടെ നെറ്റികൾ, ഫാലസ്ഥലങ്ങൾ
وَجُنُوبُهُمْ= അവരുടെ വശങ്ങളും وَظُهُورُهُمْ= അവരുടെ പുറങ്ങളും هَـٰذَا= ഇത് (ആണ്)

مَا كَنَزْتُمْ= നിങ്ങൾ നിധിയാക്കിയത് (ശേഖരിച്ചു സൂക്ഷിച്ചത്) لِأَنفُسِكُمْ= നിങ്ങൾക്കുവേണ്ടി

فَذُوقُوا= ഇനി നിങ്ങൾ ആസ്വദിച്ചു കൊള്ളുവിൻ مَا كُنتُمْ تَكْنِزُونَ= നിങ്ങൾ (സ്വയം) ശേഖരിച്ചു വെച്ചിരുന്ന നിധിയെ

**34,35:** ജീവിതം ദൈവസേവനത്തിനുവേണ്ടി ഉഴിഞ്ഞുവെച്ചവരും ഉത്തമധർമങ്ങൾ പഠിപ്പിച്ചും അതിന് മാതൃക കാണിച്ചും ജനങ്ങളെ സന്മാർഗത്തിലേക്കു നയിക്കുന്നവരും എന്നതാണ് മതപണ്ഡിതന്മാരുടെയും ആത്മീയാചാര്യന്മാരുടെയും മഹത്വം. ഈ മഹത്വമർഹിക്കുന്നവർ ഇന്നെന്നപോലെ പണ്ടും എല്ലാ മതങ്ങളിലും തുലോം വിരളമാണ്. പലരും പാണ്ഡിത്യത്തെയും പൗരോഹിത്യത്തെയും സമ്പത്തും സ്ഥാനമാനങ്ങളും ആർജിക്കാനുള്ള ഉപാധിയായി സ്വീകരിക്കുന്നവരാണ്. അവർ സമ്പത്തും സ്ഥാനവും വർധിപ്പിക്കാൻ മതനേതൃത്വത്തെ ഉപയോഗപ്പെടുത്തുന്നു. അപ്പോൾ മതത്തിന്റെ ആത്മാവിനെതിരായി പ്രവർത്തിക്കേണ്ടിവരിക അനിവാര്യമാണ്. ഇതാണ് ഖുർആൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. ഈ സൂക്തം അവതരിക്കുന്ന കാലത്ത് വിഗ്രഹാരാധകർക്കു പുറമെ അറേബ്യയിൽ മുഖ്യമായി ഉണ്ടായിരുന്നത് യഹൂദ-ക്രൈസ്തവ മതങ്ങളായിരുന്നു. രണ്ടിലെയും പണ്ഡിത പുരോഹിതന്മാരധികവും ജനങ്ങളെ ചൂഷണം ചെയ്തു സമ്പത്തും സ്ഥാനമാനങ്ങളും വാരിക്കൂട്ടുന്നവരായിരുന്നു. പ്രാർഥനക്ക് പണം, പൂജാദി ചടങ്ങുകൾക്കു പണം, പാപ പരിഹാരത്തിനു പണം, കല്യാണത്തിനു പണം, പ്രവചനങ്ങൾക്ക് പണം, ആഭിചാരത്തിന് പണം, ആഭിചാരം നീക്കാൻ പണം, ആവശ്യമുള്ള മതവിധികൾക്ക് പണം, ആപത്‌രക്ഷക്കും ശത്രു നിഗ്രഹത്തിനും പണം, അനുഗ്രഹം നൽകാൻ പണം ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത വരുമാനമാർഗങ്ങളുള്ള മേഖലയാണ് പൗരോഹിത്യം. ഇപ്പറഞ്ഞ ഇടപാടുകളധികവും തികഞ്ഞ തട്ടിപ്പുകളാണ്. അല്ലാത്തവയാകട്ടെ, പണം ഉപാധിയാകുന്നതോടെ കച്ചവടങ്ങളായി മാറുന്നു. പ്രാർഥനക്കും ആരാധനാകർമങ്ങൾക്കും ദൈവം പുരോഹിതന്മാർക്ക് ഫീസ് നിശ്ചയിച്ചിട്ടില്ല. പാപപരിഹാരം, ആപത്‌രക്ഷ, ആഗ്രഹസാഫല്യം തുടങ്ങിയ കാര്യങ്ങളൊന്നും പുരോഹിതന്മാരുടെ കഴിവിൽ പെട്ടതുമല്ല. അതിന് ദൈവത്തോട് പ്രാർഥിക്കുകയാണ് വേണ്ടത്. ദൈവം ഇഛിച്ചവർക്ക് അതൊക്കെ ലഭിക്കും. ഭാവി പ്രവചനവും ആഭിചാരവും ആഭിചാര ധ്വംസനവുമൊക്കെ കേവലം മിഥ്യകളാണ്. പക്ഷേ, ഇത്തരം മിഥ്യകളുടെ പേരിൽ പുരോഹിതന്മാരും സിദ്ധന്മാരും സന്യാസിമാരും സമ്പാദിച്ചുകൂട്ടുന്നതിന് കൈയും കണക്കുമില്ല. പൗരോഹിത്യത്തിന് നല്ല വേരോട്ടമുള്ള ഹൈന്ദവ-ക്രൈസ്തവ സമൂഹങ്ങളിലാണ് ഇക്കൂട്ടർ കൂടുതൽ കാണപ്പെടുന്നത്. അതിൽ പാശ്ചാത്യർ പൗരസ്ത്യർ എന്ന വ്യത്യാസമില്ല. ആത്മീയാചാര്യന്മാരും സിദ്ധന്മാരും എല്ലായിടത്തുമുണ്ട്. വല്ലപ്പോഴുമൊക്കെ ഇവരിൽ ചിലരുടെ കള്ളിപൊളിയുമ്പോൾ ഇവർ സമ്പാദിച്ച സ്വത്തിന്റെ വിവരം കേട്ടാൽ അമ്പരന്നുപോകും. കേരളത്തിൽ ഈയിടെ പിടികൂടപ്പെട്ട ചില സ്വാമിമാരുടെയും സിദ്ധന്മാരുടെയും സിദ്ധകളുടെയും 'ധാർമിക സദാചാര' നടപടികളും സ്വത്തുവിവരങ്ങളും ആഴ്ചകളോളം വർത്തമാനപത്രങ്ങളിൽ നിറഞ്ഞുനിന്നതാണല്ലോ. അവർ പണമുണ്ടാക്കുന്നതെങ്ങനെ എന്നും ആ വാർത്തകൾ വ്യക്തമാക്കുന്നുണ്ട്.

كَثِيرًا مِّنَ الْأَحْبَارِ وَالرُّهْبَانِ (അധികം പണ്ഡിതന്മാരും പുരോഹിതന്മാരും) എന്ന പ്രയോഗം നിഷ്കളങ്കരും നിസ്വാർഥരുമായ ഒരു ന്യൂനപക്ഷവും അവരുടെ കൂട്ടത്തിലുണ്ട് എന്ന് വ്യക്തമാക്കുന്നു. അവരുടെ കൂറും ഭക്തിയും പണത്തോടോ സ്ഥാനമാനങ്ങളോടോ സമുദായത്തോടോ കുടുംബത്തോടോ ആയിരിക്കില്ല; പ്രപഞ്ച വിധാതാവായ അല്ലാഹുവിനോടു മാത്രമായിരിക്കും. അതിനാൽ മുഹമ്മദീയ പ്രവാചകത്വത്തെയും വിശുദ്ധ ഖുർആനിനെയും അംഗീകരിക്കാൻ അവർക്ക് നിഷ്പ്രയാസം കഴിയുന്നു.

'ഇസ്‌ലാമിൽ പൗരോഹിത്യമില്ല' എന്ന് നബി(സ) പ്രസ്താവിച്ചിട്ടുണ്ട്. പുരോഹിതൻ എന്നാൽ, അതിഭൗതികജ്ഞൻ അഥവാ ദൈവഹിതം അറിയുന്നവൻ എന്നാണ്. മനുഷ്യർക്ക് അതിഭൗതികജ്ഞാനം നൽകുക ദൈവത്തിന്റെ സമ്പ്രദായമല്ല; وَمَا كَانَ اللَّهُ لِيُطْلِعَكُمْ عَلَى الْغَيْبِ (നിങ്ങളെ അതിഭൗതിക കാര്യങ്ങളിയിക്കുക അല്ലാഹുവിന്റെ രീതിയല്ല -3:179). പ്രവാചകന്മാർ പോലും ഇതിൽനിന്നൊഴിവല്ല: قُل لَّا أَقُولُ لَكُمْ عِندِي خَزَائِنُ اللَّهِ وَلَا أَعْلَمُ الْغَيْبَ (പ്രവാചകൻ പറയുക: ദൈവത്തിന്റെ ഖജനാവുകൾ എന്റെ കൈവശമാണെന്നും എനിക്ക് അതിഭൗതികജ്ഞാനമുണ്ടെന്നും ഞാൻ നിങ്ങളോടു പറയുന്നില്ല). ദൈവം പ്രവാചകനായി തെരഞ്ഞെടുത്തവരുടെ അവസ്ഥയാണിത്. മനുഷ്യരുടെ സന്മാർഗദർശനാർഥം ദൈവം അറിയിക്കണമെന്ന് നിശ്ചയിച്ച വിവരങ്ങൾ മാത്രമേ പ്രവാചകന്മാർക്ക് വെളിപാടായി ലഭിക്കുന്നുള്ളൂ. അല്ലാതെ അവർ സ്വന്തംനിലയിൽ ആഗ്രഹിക്കുന്നതോ ആളുകൾ ചോദിക്കുന്നതോ ആയ അദൃശ്യകാര്യങ്ങളൊന്നും അവർക്ക് അറിയാനോ പറയാനോ കഴിയില്ല.

മനുഷ്യർ കൂടിച്ചേർന്നു ചെയ്യുന്ന ഏതു കാര്യത്തിലും ഒരു നേതാവുണ്ടായിരിക്കണമെന്ന് ഇസ്‌ലാം അനുശാസിക്കുന്നു. അഞ്ചുനേരത്തെ നമസ്കാരം മുതൽ മൂന്നുപേർ ചേർന്നുള്ള യാത്രവരെ ഒരു നേതാവിന്റെ കീഴിലായിരിക്കണം. കുടുംബത്തിനും നാട്ടിനും സൈന്യത്തിനും ഹജ്ജിനും എല്ലാം വേണം നേതാവ്. കൂട്ടത്തിൽ അറിവും പരിചയവും കൂടുതലുള്ളവരായിരിക്കണം നേതാവാകേണ്ടത്. കുടുംബനായകനും സൈനിക നായകനും എന്നപോലെ നമസ്കാരത്തിലെയും ഹജ്ജിലെയും ഇമാമിനും അമാനുഷിക കഴിവുകളോ അതിഭൗതിക ജ്ഞാനമോ ഇല്ല. ഉണ്ടെന്ന് ആരെങ്കിലും വാദിക്കുന്നുവെങ്കിൽ അത് വ്യാജവും ഇസ്‌ലാമിക തത്ത്വങ്ങൾക്കെതിരുമാണ്. ഇസ്‌ലാമിലെ ഒരു നേതൃത്വവും ഏതെങ്കിലും കുടുംബത്തിലോ ഗോത്രത്തിലോ പരിമിതമാകുന്നുമില്ല. നേതാവ് സ്വേഛയാ പ്രവർത്തിക്കാനും പാടില്ല. പ്രമാണങ്ങളെ ആധാരമാക്കിയും സമൂഹത്തിലെ അംഗങ്ങളുടെ അഭിപ്രായമരാഞ്ഞുമാണ് നേതാവ് കാര്യങ്ങൾ നിർവഹിക്കേണ്ടത്. വിശ്വാസികളുടെ പാപങ്ങൾ പൊറുത്തുകൊടുക്കാനോ ആഗ്രഹങ്ങൾ സഫലീകരിച്ചുകൊടുക്കാനോ അവരുടെ ഭാവിഭാഗധേയം നിശ്ചയിക്കാനോ ഒന്നും നേതാക്കൾക്കാവില്ല. ഇതാണ് ഇസ്‌ലാമിലെ നേതൃത്വവും ഇതര മതങ്ങളിലെ പൗരോഹിത്യവും - ഇമാമത്തും റുഹ്ബാനിയ്യത്തും - തമ്മിലുള്ള അന്തരം.

ഇസ്‌ലാം തീർഥാടനം നിശ്ചയിച്ചിട്ടുള്ള മൂന്നു കേന്ദ്രങ്ങളേയുള്ളൂ. മക്കയും മദീനയും ബൈത്തുൽ മഖ്ദിസുമാണത്. ഇതിൽ മക്കാ തീർഥാടനം കഴിവുള്ളവർക്കെല്ലാം ജീവിതത്തിൽ ഒരിക്കൽ നിർബന്ധമാണ്. കോടിക്കണക്കിലാളുകൾ വർഷാന്തം മക്ക സന്ദർശിക്കുന്നുണ്ട്. ഹജ്ജുകാലത്തു മാത്രം കാൽ കോടിയോളം ആളുകൾ അവിടെ ഒത്തുകൂടുന്നു. മസ്ജിദുൽ ഹറാമിലെയോ മസ്ജിദുന്നബവിയിലെയോ ഇമാമുമാർക്ക് ഒരു തീർഥാടകനും അരക്കാശുപോലും കാണിക്ക കൊടുക്കാറില്ല. കൊടുക്കാൻ അനുവാദവുമില്ല. ഒരു കാണിക്കവഞ്ചിയും അവി

ടെയൊന്നുമില്ല. ഇസ്‌ലാം വിശ്വാസികളിൽ ചുമത്തിയിട്ടുള്ള നിർബന്ധ സാമ്പത്തിക ബാധ്യത സകാത്താണ്. സകാത്തിന് നിർണിതരായ എട്ട് അവകാശികളാണുള്ളത്. അക്കൂട്ടത്തിൽ മത നേതാക്കളോ ആത്മീയാചാര്യന്മാരോ ഇല്ല. സകാത്തു മുതൽ തനിക്കും കുടുംബത്തിനും നിഷിദ്ധമാക്കുകയാണ് പ്രവാചകൻ(സ) ചെയ്തത്.

لَيَأْكُلُونَ أَمْوَٰلَ ٱلنَّاسِ بِٱلْبَٰطِلِ (ജനത്തിന്റെ മുതൽ നിഷിദ്ധമായി തിന്നുകതന്നെയാണ്) എന്ന വാക്യത്തിന്റെ താൽപര്യം, ആളുകളുടെ മുതലുകൊണ്ട് പുരോഹിതന്മാർ ഭക്ഷണം കഴിക്കുന്നതിനെ മാത്രം ആക്ഷേപിക്കുകയല്ല. മറ്റുള്ളവരുടെ മുതൽ അന്യായമായി തട്ടിയെടുക്കുന്നതിന് നമ്മുടെ ഭാഷയിൽ 'പിടുങ്ങുക' എന്നു പറയാറുണ്ടല്ലോ. ഇതേ ആശയമാണ് ഇവിടെ തിന്നുക എന്ന വാക്കുകൊണ്ടുദ്ദേശിച്ചിട്ടുള്ളത്. തുടർന്നുള്ള وَٱلَّذِينَ يَكْنِزُونَ....... എന്ന വാക്യത്തിൽനിന്ന് അത് കൂടുതൽ വ്യക്തമാകുന്നു. ഈ വാക്യത്തെ വിശദീകരിച്ചുകൊണ്ട് ഇമാം ദഹ്ഹാക്ക്(റ) പ്രസ്താവിച്ചതായി അബുശ്ശൈഖ് ഉദ്ധരിക്കുന്നു: "അല്ലാഹു അവതരിപ്പിച്ചതല്ലാത്ത, അവർ എഴുതിയുണ്ടാക്കിയ വേദങ്ങളാണ് മിഥ്യ- ബാതിൽ. എന്നിട്ട് അതുകൊണ്ടവർ ജനങ്ങളെ പിടുങ്ങുന്നു. ഇതെപ്പറ്റിയാണ് സൂറ*അൽബഖറ* 79-ാം സൂക്തത്തിൽ لِّلَّذِينَ يَكْتُبُونَ ٱلْكِتَٰبَ بِأَيْدِيهِمْ ثُمَّ يَقُولُونَ هَٰذَا مِنْ عِندِ ٱللَّهِ وَمَا هُوَ مِنْ عِندِ ٱللَّهِ (സ്വകരങ്ങളാൽ വേദം എഴുതുകയും എന്നിട്ട് അത് ദൈവത്തിങ്കൽ നിന്നുള്ളതാണെന്നു ഘോഷിക്കുകയും ചെയ്യുന്നവർ. യഥാർഥത്തിലോ, അത് ദൈവത്തിങ്കൽ നിന്നുള്ളതല്ല) എന്ന് പ്രസ്താവിച്ചിട്ടുള്ളത്."

ജനത്തിന്റെ പണം പിടുങ്ങുന്ന പുരോഹിതന്മാർ യഥാർഥത്തിൽ അവർക്ക് എന്തെങ്കിലും ഗുണം ചെയ്യുകയോ സന്മാർഗദർശനം നൽകുകയോ ചെയ്യുന്നില്ല. ആളുകളെ ദൈവിക മാർഗത്തിൽനിന്ന് തടയുകയാണ് അവർ ചെയ്യുന്നത്. ഈ തടയൽ ദൈവത്തെയോ അവന്റെ മാർഗത്തെയോ തള്ളിപ്പറഞ്ഞുകൊണ്ടല്ല. ദൈവത്തിന്റെ മേൽവിലാസം ഉപയോഗിച്ച് ദൈവത്തിന് അവകാശപ്പെട്ടതെല്ലാം അവർ തട്ടിയെടുക്കുകയാണ്. യഥാർഥ ദൈവിക മാർഗം വിലക്കാതെ ഇതു സാധ്യമല്ല. ആളുകളെ സുന്നത്തുകളിൽനിന്ന് അകറ്റിയാലേ ബിദ്അത്തുകളിൽ ഏർപ്പെടുത്താൻ കഴിയൂ. പരിഷ്കരണ പ്രവർത്തകരോടും പ്രസ്ഥാനങ്ങളോടും വിരോധം വളർത്തിയാലേ സമൂഹം അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ഉറച്ചുനിൽക്കൂ. ഓരോ സമൂഹത്തിലും പ്രവാചകൻ വന്നപ്പോഴൊക്കെ അദ്ദേഹത്തെ നിഷേധിക്കാൻ ജനങ്ങളോട് ആവശ്യപ്പെട്ടതും എതിർക്കാൻ നേതൃത്വം നൽകിയതും ആ സമൂഹത്തിലെ പുരോഹിതന്മാരായിരുന്നു. ഈസാ(അ)യെ നിഷേധിച്ചതും കൊല്ലാൻ ശ്രമിച്ചതും അക്കാലത്തെ യഹൂദ പുരോഹിതന്മാരായിരുന്നുവെന്ന് ബൈബിളിൽ പറയുന്നുണ്ട്. പുരോഹിതന്മാർ തന്നെയാണ് മുഹമ്മദ് നബിയെയും അന്ത്യപ്രവാചകനെയും തള്ളിപ്പറയാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നതിൽ എക്കാലത്തും മുൻപന്തിയിലുള്ളത്. എക്കാലത്തും നിയമങ്ങൾ മാറ്റിമറിക്കുന്നതും അവർ തന്നെ. ഇതാണ് وَيَصُدُّونَ عَن سَبِيلِ ٱللَّهِ എന്ന വാക്യത്തിലൂടെ സൂചിപ്പിക്കുന്നത്.

വൈദിക മതങ്ങളിൽ നടമാടിയിരുന്ന പൗരോഹിത്യത്തെക്കുറിച്ചു പറയുമ്പോൾ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ എന്ന് വിശ്വാസികളെ സംബോധന ചെയ്തത് ശ്രദ്ധേയമാകുന്നു. വിശ്വാസികൾക്കുള്ള സുപ്രധാനമായ ഒരു മുന്നറിയിപ്പാണിത്. അല്ലാഹു ഒരു മതത്തിലും പൗരോഹിത്യം അനുശാസിച്ചിട്ടില്ല. പൗരോഹിത്യവും പുരോഹിതന്മാരും കൃത്രിമമായി ഉണ്ടാക്കപ്പെട്ടതാണ്. പിന്നീട് ഇസ്‌ലാമിലും ഈ ദുഷ്പ്രവണത തലപൊക്കിയേക്കാം. അതു തടയാനും പുരോഹിതന്മാരുടെ തട്ടിപ്പുകളിലകപ്പെടാതിരിക്കാനും സത്യവിശ്വാസികൾ ജാഗ്രത പുലർത്തേണ്ടതാണ്. ഈ മുന്നറിയിപ്പു പക്ഷേ, പിൽക്കാലത്ത് മുസ്‌ലിംകളിൽ പലരും വിസ്മരിക്കുകയോ അവഗണിക്കുകയോ ചെയ്തു. തൽഫലമായി ചില മുസ്‌ലിം വിഭാഗങ്ങളിലും പൗരോഹിത്യം വളർന്നുവന്നു. ശീഈ വിഭാഗത്തിലാണ് അതു കൂടുതൽ ശക്തി പ്രാപിച്ചത്. എങ്കിലും അദൃശ്യങ്ങളറിയുന്നവരും പാപികൾക്ക് മോക്ഷം തരപ്പെടുത്തിക്കൊടുക്കുന്നവരും, അമാനുഷിക കഴിവുകളാൽ ശത്രുസംഹാരവും ആഗ്രഹ സാഫല്യവും സാധിച്ചുകൊടുക്കുന്നവരുമൊക്കെ സുന്നികളിലും ധാരാളമുണ്ട്. ഔലിയാക്കളും ശൈഖന്മാരും അല്ലാഹുവിനും അടിമകൾക്കുമിടയിൽ മധ്യസ്ഥന്മാരാണെന്ന് അവകാശപ്പെടുന്നു. അവരോട് പ്രാർഥിക്കുകയും നേർച്ച വഴിപാടുകൾ അർപ്പിക്കുകയും ചെയ്യാം. സാധാരണക്കാർക്കു വേണ്ടതൊക്കെ നൽകാൻ അവർക്കാകും. കാര്യം സാധിക്കാൻ അത്തരക്കാരുടെ ഖബറിടങ്ങളിൽ ചെന്നു പറഞ്ഞാലും മതി. ദീനിന്റെ അവസാന വാക്ക് ഖുർആനോ ഹദീസോ അല്ല, ഇത്തരം ശൈഖന്മാരും സിദ്ധന്മാരുമാണ്. നേരത്തെ ഇമാം റാസിയുടെ ഗുരു ചൂണ്ടിക്കാണിച്ചപോലെ അവരുടെ വിധിക്കെതിരെ ഖുർആൻ സൂക്തങ്ങൾ ചൂണ്ടിക്കാണിച്ചാൽ, 'ശൈഖ് ഇങ്ങനെ പറഞ്ഞിരിക്കെ തങ്ങൾക്കെങ്ങനെ അതിനെതിരായി ഖുർആനിനെ പിൻപറ്റാൻ കഴിയും' എന്ന് അമ്പരക്കുകയാണ് അവരുടെ ശിഷ്യന്മാർ. പണം കൊടുത്താൽ ഏതു കാര്യത്തിലും നിങ്ങൾക്ക് ആവശ്യമുള്ള ഫത്‌വ നൽകാൻ തയാറാകുന്ന മുഫ്തിമാരും ധാരാളം. ഇതൊക്കെയും പുരോഹിതന്മാരെയും പണ്ഡിതന്മാരെയും റബ്ബുകളാക്കലാകുന്നു. ഇതിനൊക്കെ വ്യക്തമായ ഉദാഹരണങ്ങൾ കേരളത്തിലും കാണാൻ കഴിയും.

وَٱلَّذِينَ يَكْنِزُونَ........ എന്നു തുടങ്ങുന്ന വാക്യം ഒരു പൊതുവിളംബരമാണ്. പുരോഹിതന്മാരും അല്ലാത്തവരും മുസ്‌ലിംകളും അമുസ്‌ലിംകളും എല്ലാം അതിന്റെ പരിധിയിൽപെടുന്നു. ഈ വാക്യം വേദക്കാരിലെ പുരോഹിതന്മാരെക്കുറിച്ചു മാത്രമുള്ളതാണെന്ന് മുആവിയ അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും മറ്റു പ്രവാചകശിഷ്യന്മാരോ പിൻഗാമികളായ പണ്ഡിതന്മാരോ അത് അംഗീകരിച്ചിട്ടില്ല.

ശേഖരം, നിധി എന്നർഥമുള്ള كَنز-ൽനിന്നുള്ള ക്രിയാരൂപങ്ങളാണ് ഈ സൂക്തങ്ങളിലെ كنزتم-تكنزون-يكنزون എന്നീ പദങ്ങൾ. ഭൂമിക്കുമുകളിൽ ശേഖരിച്ചുവെക്കുന്ന വിഭവങ്ങളും പിൽക്കാലക്കാർക്കുവേണ്ടി മണ്ണിനടിയിൽ കുഴിച്ചിടുന്നതും നിധി ആണ്. ഇക്കാലത്ത് ബാങ്കുകളിലെ സ്ഥിരനിക്ഷേപങ്ങളും ലോക്കറുകളിൽ സൂക്ഷിക്കുന്നതും كنز-ൽ പെടുന്നു. ഇന്നെന്ന പോലെ പണ്ടും പണത്തിന്റെ അടിസ്ഥാന മാനദണ്ഡം സ്വർണവും വെള്ളിയുമായിരുന്നു. ആദ്യകാലത്ത് ഈ രണ്ടു ലോഹങ്ങളും നേരിട്ട് നാണയങ്ങളായി ഉപയോഗിച്ചിരുന്നു. ഇക്കാലത്തെ മുഖ്യ നാണയം കറൻസികളാണ്. കറൻസികളുടെയും അടിസ്ഥാന മൂല്യം സ്വർണമാണ്. സർക്കാർ ആയിരം രൂപയുടെ ഒരു നോട്ട് അടിച്ചിറക്കുന്നത്, അത്രയും മൂല്യമുള്ള സ്വർണം ഖജനാവിലുണ്ട് എന്ന അടിസ്ഥാനത്തിലാണ്. അതിനാൽ ബാങ്ക് അക്കൗണ്ടുകളിലും ലോക്കറുകളിലും സൂക്ഷിക്കുന്ന പണവും ഫലത്തിൽ സ്വർണവും വെള്ളിയും തന്നെയാണ്.

സമ്പത്ത് അല്ലാഹുവിന്റെ അനുഗ്രഹം - فَضْلُ ٱللَّهِ - ആണ്. അത് ഭൂമിക്കകത്തോ പുറത്തോ കെട്ടിപ്പൂട്ടി നിഷ്ക്രിയ നിക്ഷേപമായി വെക്കാനുള്ളതല്ല. മനുഷ്യർക്ക് പ്രയോജനപ്പെടാനും അവരുടെ ജീവിതം സുഗമമാക്കാനും ഉള്ളതാണ്. സമ്പത്തിന്റെ ആത്യന്തിക ഉടമ അല്ലാഹുവാണ്. ജനോപകാരത്തിനു ധനവ്യയം കൽപിച്ചുകൊണ്ട് അല്ലാഹു പറയുന്നു: وَءَاتُوهُم مِّن مَّالِ ٱللَّهِ ٱلَّذِىٓ ءَاتَىٰكُمْ "അല്ലാഹു നിങ്ങൾക്കു തന്ന അവന്റെ

ധനത്തിൽനിന്ന് അവർക്കു കൊടുക്കുക"(24:33). അല്ലാഹുവിന്റെ ഉടമസ്ഥതക്കു കീഴിലുള്ള ഉടമസ്ഥതയേ മനുഷ്യന് സമ്പത്തിൽ ഉള്ളൂ. ദൈവത്തെ പ്രതിനിധീകരിച്ച് സമ്പത്ത് കൈകാര്യം ചെയ്യാനുള്ള അധികാരമാണത്.

സമ്പത്തിന്റെ കറക്കം സമ്പന്നരിൽ മാത്രം പരിമിതമാകുന്നത് ഇസ്ലാം അനുവദിക്കുന്നില്ല. സൂറ *അൽഹശ്ർ* ഏഴാം സൂക്തത്തിൽ അക്കാര്യം എടുത്തുപറയുന്നുണ്ട്. സമ്പാദിക്കാൻ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം പൊതുനന്മക്കായി സമ്പത്തിനെ സമൂഹത്തിൽ വ്യാപരിപ്പിക്കാനും ഇസ്ലാം കൽപിക്കുന്നു. അതുവഴി പൊതുസമ്പത്ത് ഒരു വശത്ത് ദരിദ്രരുടെ ആവശ്യങ്ങൾ നിവർത്തിക്കപ്പെടുമ്പോൾ മറുവശത്ത് വളർന്നുകൊണ്ടിരിക്കുകയും ചെയ്യും. ഇതിനനുവദിക്കാതെ ധനം നിഷ്ക്രിയ നിക്ഷേപമായി കൂട്ടിവെക്കുന്നത് അല്ലാഹു നൽകിയ പ്രാതിനിധ്യാധികാരത്തിന്റെ ലംഘനമാണ്. അങ്ങനെ ചെയ്യുന്നവർ പരലോകത്ത് അതിനു സമാധാനം ബോധിപ്പിക്കേണ്ടിവരും. സ്വന്തം ഭാവി ക്ഷേമത്തിന്റെ ഗ്യാരണ്ടിയായിട്ടാണ് ആളുകൾ വൻതോതിൽ നിക്ഷേപങ്ങൾ സൂക്ഷിക്കുന്നത്. ഭാവി സുരക്ഷിതത്വത്തിനുവേണ്ടിയുള്ള ഈ നിധി അല്ലാഹുവിന്റെ പ്രാതിനിധ്യത്തെ വിസ്മരിച്ചതുവഴി ഭാവിയിൽ ഒരു ദണ്ഡനോപകരണമായി മാറുന്നു. സമ്പത്തിന്റെ ധർമം നിറവേറ്റാനുപയോഗിക്കാതെ സൂക്ഷിച്ച നിക്ഷേപങ്ങൾ പരലോകത്ത് നരകത്തീയിൽ ചുട്ടുപഴുപ്പിച്ച്, അതുകൊണ്ട് നിധി സൂക്ഷിപ്പുകാരെ മുന്നിലും പിന്നിലും വശങ്ങളിലും ചൂടുവെക്കുന്നു. അന്യഥാ വിശ്വാസികളും സൽകർമികളുമായവർ പോലും ഇതിൽനിന്നും രക്ഷപ്പെടുകയില്ല. പ്രവാചകൻ പ്രസ്താവിച്ചതായി ബുഖാരിയും മുസ്ലിമും ഉദ്ധരിക്കുന്നു: "സ്വർണത്തിന്റെയും വെള്ളിയുടെയും ഉടമയായിട്ട് അതിന്റെ ധർമം പൂർത്തീകരിക്കാത്ത ആരും ഈ അനുഭവത്തിൽനിന്നൊഴിവാകുന്നതല്ല. അന്ത്യനാളിൽ അത് പലകകളാക്കപ്പെടുന്നു. എന്നിട്ട് നരകത്തീയിൽ ചുട്ടുപഴുപ്പിക്കുന്നു. അനന്തരം അതുകൊണ്ട് ആ ഉടമയുടെ വശങ്ങളും നെറ്റിയും പുറവും ചൂടുവെക്കുന്നു. അമ്പതിനായിരം കൊല്ലം ദൈർഘ്യമുള്ള ഒരു ദിനത്തിലായിരിക്കും ഇതു നടക്കുക. അങ്ങനെ അവർ ആളുകളോടുള്ള കടംവീട്ടുന്നു. പിന്നെയാണ് സ്വർഗത്തിലേക്കോ നരകത്തിലേക്കോ ഉള്ള സ്വന്തം വഴി അവന് കാണാൻ കഴിയുക."

ഈ വാക്യത്തെ ചിലർ അക്ഷരാർഥത്തിലെടുക്കുകയും യാതൊരു പരിതസ്ഥിതിയിലും ആവശ്യംകഴിച്ചു മിച്ചമുള്ള ധനം സൂക്ഷിച്ചുവെക്കാൻ പാടില്ലെന്ന് വാദിക്കുകയുമുണ്ടായി. മഹാനായ പ്രവാചക ശിഷ്യൻ അബൂദർറുൽ ഗിഫാരി അക്കൂട്ടത്തിൽ പെടുന്നു. അന്നന്നത്തെ ഭക്ഷണ ചെലവും മറ്റു നിത്യ നിദാന ചെലവും കഴിച്ചു മിച്ചമുള്ളതൊക്കെയും ധർമ മാർഗത്തിൽ ചെലവഴിച്ചുകൊള്ളണമെന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. ഖലീഫമാരായ ഉമർ, ഉസ്മാൻ(റ) അടക്കമുള്ള പ്രമുഖ സ്വഹാബികളോ പിൽക്കാല പണ്ഡിതന്മാരോ ഈ അഭിപ്രായം അംഗീകരിച്ചിട്ടില്ല.

സകാത്തു കൊടുക്കാതെ സൂക്ഷിച്ചു വെക്കുന്ന നിക്ഷേപത്തെക്കുറിച്ചാണ് സൂക്തം പറയുന്നതെന്നാണ് പണ്ഡിതന്മാരുടെ പൊതു നിലപാട്. പ്രവാചകനിൽനിന്നുള്ള നിവേദനങ്ങൾ ശരിവെക്കുന്നതും ആ നിലപാടിനെയാണ്. എത്ര വലിയ നിക്ഷേപമായാലും കൃത്യമായി സകാത്തു കൊടുക്കുകയാണെങ്കിൽ നാൽപതു കൊല്ലം കൊണ്ട് തീർന്നുപോകും. സകാത്ത് നൽകികൊണ്ടിരിക്കുന്ന സമ്പത്തിന് നിഷ്ക്രിയമായി കെട്ടിക്കിടക്കുക എന്ന അവസ്ഥയില്ല. അതു മന്ദഗതിയിലെങ്കിലും സമൂഹത്തിൽ വ്യാപരിക്കുകയും ആവശ്യക്കാർക്ക് ഉപകരിക്കുകയും ചെയ്യുന്നുണ്ട്. സകാത്ത് നിക്ഷേപത്തെ ക്ഷയിപ്പിക്കുന്നതിനാൽ നിക്ഷേപകൻ അത് പ്രത്യുൽപാദന സംരംഭങ്ങളിലേർപ്പെടുത്തി വികസിപ്പിക്കാൻ പ്രേരിതനാവുകയും ചെയ്യുന്നു.

അബൂദാവൂദും ഇബ്നു ഹാതിമും ഇബ്നു അബീശൈബയും ഉദ്ധരിച്ച ഒരു ഹദീസ് ഈ സൂക്തത്തിന് വ്യക്തമായ വിശദീകരണമാണ്: "ഈ സൂക്തം അവതരിച്ചപ്പോൾ മുസ്ലിംകൾക്ക് അത് വലിയ പ്രയാസമായി. നമ്മളിലാർക്കും മക്കൾക്കുവേണ്ടി നമ്മുടെ കാലശേഷത്തേക്ക് ഒന്നും ബാക്കിവെക്കാൻ കഴിയില്ലല്ലോ എന്നവർ ഉത്കണ്ഠപ്പെടാൻ തുടങ്ങി. അതുകേട്ട് ഉമർ(റ) പറഞ്ഞു: 'അതിന് ഞാൻ നിവാരണമുണ്ടാക്കിത്തരാം.' അദ്ദേഹം ഉടൻ പുറപ്പെട്ടു. കൂടെ സൗബാനുമുണ്ടായിരുന്നു. നബിയുടെ അടുത്തുചെന്ന് ഉമർ അറിയിച്ചു: 'പ്രവാചകരേ, ഈ സൂക്തം അങ്ങയുടെ ശിഷ്യന്മാർക്ക് വലിയ പ്രയാസമായിത്തീർന്നിരിക്കുകയാണ്.' നബി(സ)പറഞ്ഞു: 'അല്ലാഹു സകാത്ത് നിശ്ചയിച്ചത് നിങ്ങളുടെ ശിഷ്ട ധനം ശുദ്ധമാകാനല്ലാതെ മറ്റൊന്നിനുമല്ല. നിങ്ങൾക്കുശേഷം ശിഷ്ടമുതലിൽ അവൻ ദായധനനിയമവും നിശ്ചയിച്ചിരിക്കുന്നു.' ഇതു കേട്ട് ഉമർ(റ) തക്ബീർ മുഴക്കി." ധനം സമ്പാദിക്കുകയും സൂക്ഷിക്കുകയും പിൻഗാമികൾക്കു വേണ്ടി അവശേഷിപ്പിക്കുകയും ചെയ്യുന്നതിനെയല്ല, മറിച്ച് സമൂഹത്തിന് അതിന്റെ പ്രയോജനം തടയുന്നതിനെയാണ് ഈ സൂക്തം വിലക്കുന്നതെന്ന് ഇതിൽനിന്ന് സ്പഷ്ടമാകുന്നു. പ്രവാചകൻ പ്രസ്താവിച്ചതായി ഇബ്നു അദിയ്യും ഇബ്നു അബീശൈബയും ഉദ്ധരിക്കുന്നു: أيّ مال اديت زكاته فليس بكنز "സകാത്തു വീട്ടപ്പെട്ട ഏതുധനവും നിധി -كنز- അല്ല." ഇബ്നു ഉമർ(റ) പ്രസ്താവിക്കുകയുണ്ടായി: "എന്റെ കൈവശം ഉഹുദ് മലയോളം സ്വർണമുണ്ടായാലും ഒരു കുഴപ്പവുമില്ല - ഞാനതിന്റെ കണക്കറിയുകയും കൃത്യമായി സകാത്തു കൊടുക്കുകയും അതു അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി ഉപയോഗിക്കുകയും ചെയ്യുന്നുവെങ്കിൽ." ■